LIBRARY ARCHIVES Kerala Legislative Assembly

(ബി) കാട്ടുപന്നികളെ ശല്യജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടുപന്നികളെ ശല്യജീവി/ ക്ഷുദ്ര ജീവിയായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കാട്ടുപന്നികളെ വന്യജീവി (സംരക്ഷണ) നിയമത്തിലെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചുവെങ്കിലും പഞ്ചായത്തിരാജ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചത്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 21-12-2020-ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേന്ദ്ര സർക്കാരിന് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. യോഗതീരുമാന പ്രകാരം കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ വീണ്ടും, കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

(സി) കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. നാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക്, 8-1-2015-ലെ സ.ഉ.(കൈ) നമ്പർ 2/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നഷ്ടപരിഹാരം, നൽകിവരുന്നു. ഇപ്രകാരം നൽകി വരുന്ന നഷ്ടപരിഹാരം കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100 % (പരമാവധി ഒരു ലക്ഷം രൂപ) ആയി 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/18/വനം പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്

കൈപ്പാട് കൃഷി

155 (461) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിക്കായി ഇറിഗേഷൻ വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാലുശ്ശേരി മണ്ഡലത്തിലെ അത്തോളി, ഉള്ളിയേരി പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയ്ക്കുവേണ്ടി നിലവിലുള്ള വി.സി.ബി.കളുടെ റിപ്പയർ, പുതിയ വി.സി.ബി.കളുടെ നിർമ്മാണം, തോടുകളുടെ ആഴംകൂട്ടി സംരക്ഷിക്കൽ, കൈപ്പാട് നിലങ്ങളിലെ കാടുകൾ നീക്കം ചെയ്യൽ എന്നിവയാണ് പ്രധാനമായും ജലസേചന വകുപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കൈപ്പാട് കൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അത്തോളി, ഉള്ളിയേരി, പഞ്ചായത്തുകളിലെ കുന്നത്തറ പാടശേഖരത്തിന്റെ വികസനത്തിനായി നിലവിലുള്ള വി.സി.ബി.യുടെ പുനർനിർമ്മാണം, രണ്ട് വി.സി.ബി.-കളുടെ നിർമ്മാണം, തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം, കാട് നീക്കം ചെയ്യൽ, ഫാം റോഡിന്റെയും നടപ്പാതയുടെയും നിർമ്മാണം, ഡ്രയർയാർഡ്, സംഭരണത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഉള്ളിയേരി പഞ്ചായത്തിലെ ഉള്ളൂർ പാടശേഖരത്തിനോട് ചേർന്ന് കിടക്കുന്ന കോട്ടക്കുന്ന് കൈപ്പാട് നിലത്തിന്റെ വികസനത്തിനുവേണ്ടി നിലവിലുള്ള വി.സി.ബി.യുടെ പുനർനിർമ്മാണം, ഫീൽഡ് ഡ്രെയിനുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കുറ്റ്യാടി ജലസേചന പദ്ധതി വിഭാഗത്തിന്റെ ഭൂമി കൈമാറി ലഭിക്കാൻ നടപടി

156(462) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയ്യൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന കുറ്റ്യാടി ജലസേചന പദ്ധതി വിഭാഗത്തിന്റെ ഭൂമി കളിസ്ഥലം നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷ കൊയിലാണ്ടി നഗരസഭ, കൊയിലാണ്ടി എം.എൽ.എ. എന്നിവരിൽ നിന്ന് ജലസേചന വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂമി കൈമാറി ലഭിക്കാൻ വകുപ്പുതലത്തിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്; വിശദമാക്കാമോ?

(എ-സി) ലഭിച്ചിട്ടുണ്ട്. കുറ്റ്യാടി പദ്ധതിയുടെ അധീനതയിൽപ്പെട്ട വിയ്യൂർ വില്ലേജിൽ പുളിയഞ്ചേരി ദേശത്ത് റീ.സർവ്വേ 86/6-ൽപ്പെട്ട 4.36 ആർ സ്ഥലവും ഇതിനോട് ചേർന്ന് 87/10-ൽപ്പെട്ട 30.94 ആർ സ്ഥലവുമാണ് കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് സ്റ്റേഡിയം നിർമ്മാണത്തിന് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനുള്ള ഭൂമി കൈമാറ്റം രണ്ട് വകുപ്പുകൾ തമ്മിലായതിനാൽ നിലവിലെ മാനദണ്ഡങ്ങൾപ്രകാരം വില ഈടാക്കികൊണ്ട് ഭൂമി വിട്ടുനൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.